ജനയുഗം
JANAYUGOM

19 February 2018



സിഎംഎഫ്ആർഐ വാർഷികദിനാഘോഷം സിനിമ സംവിധായകൻ ജി മാർത്താണ്ഡനും ചിത്രകാരൻ ടി കലാധരനും ചേർന്ന് ഉദ്ഘാടനം നിർവഹിക്കുന്നു.

# ചിത്ര രചനയിൽ സ്വന്തമായ ശൈലി രൂപപ്പെടുത്തണം : ടി കലാധരൻ

കൊച്ചി: ചിത്രരചനയിൽ അനുകരണങ്ങൾ ഒഴിവാക്കി സ്വന്തമായ ശൈലി രൂപപ്പെടുത്തുകയാണ് വേണ്ടതെന്ന് ചിത്രകാരൻ ടി കലാധാരൻ പറഞ്ഞു. കൃത്യമായ നിരീക്ഷണ പാടവവും പ്രകൃതിയുടെ സൗന്ദര്യം കണ്ടെത്താനുള്ള കഴിവുമാണ് ചിത്രകാരന് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) വാർഷികദിനാഘോഷ പരിപാടികളുടെ ഭാഗമായി ജീവനക്കാരുടെ കുട്ടികൾക്ക് ചിത്രകലയെ കുറിച്ച് ക്ലാസ്സെടുക്കുകയായിരുന്നു അദ്ദേഹം. സിഎംഎഫ്ആർഐ റിക്രിയേഷൻ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്ന വാർഷികദിനാഘോഷം സിനിമ സംവിധായകൻ ജി മാർത്താണ്ഡനും ടി കലാധരനും ചേർന്ന് ഉദ്ഘാടനം നിർവഹിച്ചു. ദൃഢനിശ്ചയവും വാശിയുമാണ് മമ്മുട്ടിയെ വച്ച് ആദ്യ സിനിമ ചെയ്യാൻ സാധിച്ചതെന്ന് തന്റെ ആദ്യ ചിത്രമായ 'ദൈവത്തിന്റെ സ്വന്തം ക്ലീറ്റസി'നെ അനുസ്മരിച്ച് മാർത്താണ്ഡൻ പറഞ്ഞു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. റക്രിയേഷൻ ക്ലബ്ബ് പ്രസിഡണ്ട് ഡോ വി കൃപ പ്രസംഗിച്ചു. സിഎംഎഫ്ആർഐയിലെ ജീവനക്കാരും അവരുടെ കുട്ടികളും വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.